► കലക്ടറേറ്റ് ധർണ ഇന്ന്

# നീര: കേരകർഷകർ സമരത്തിലേക്ക്

കൊച്ചി > നീര ഉൽപ്പാദിപ്പിക്കുന്ന കർഷകരോടുള്ള സർക്കാർ അവഗണനയിൽ പ്രതിഷേധിച്ച് നാളികേര വികസന ബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന ഉൽപ്പാദക കമ്പനികളുടെ കൂട്ടായ്മയായ കൺസോർഷ്യം ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനീസ് ഇൻ കേരള തിങ്കളാഴ്ച കലക്ടറേറ്റ് ധർണയും 18 മുതൽ സെക്രട്ടറിയറ്റ്പടിക്കൽ നിരാഹാരസമരവും നടത്തും.

നീര സംഭരണവും സംസ്കരണവും നടത്തുന്നതിന് 2013-14 ബജറ്റിൽ വകയിരുത്തിയ 15 കോടി രൂപയുടെ ഗ്രാന്റ്, പ്ലാന്റ് നിർമാണം പൂർത്തിയാക്കുന്ന മുറയ്ക്ക് കൈമാറുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിരുന്നത്. ഈ ഫെബ്രുവരിയിൽ നീരയ്ക്കായി മാറ്റിവച്ച തുക മാർച്ച് 30നകം നൽകുമെന്ന് വാഗ്ദാനംചെയ്തിരുന്നു. എന്നാൽ വാഗ്ദാനലംഘനം നടത്തുകയും ഈ തുക ലാപ്സാവുകയും ചെയ്ത സാഹചര്യത്തിലാണ് സമരത്തിനിറങ്ങുന്നതെന്ന് കൺസോർഷ്യം ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ അറിയിച്ചു.

അപേക്ഷിച്ച മുഴുവൻ ഫെഡറേഷനുകൾക്കും നീര ലൈസൻസ് നൽകുക, പച്ചത്തേങ്ങ, കൊപ്ര സംഭരണത്തിന് ഫെഡറേഷനുകൾക്കും കമ്പനികൾക്കും റിവോൾവിങ് ഫണ്ട് അനുവദിക്കുക, സർക്കാർ പുറംപോക്കു ഭൂമി ഉൽപ്പാദക കമ്പനികൾക്കും ഫെഡറേഷനുകൾക്കും പദ്ധതിക്കായി വിട്ടുനൽകുക എന്നീ ആവശ്യങ്ങളും ഉന്നയിക്കും.